30690

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ അസിസ്റ്റന്റ് ലെപ്രസി ഓഫീസറായ ശ്രീ. അബ്ദുൾ ഹമീദ് എം. നെ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.958/2020/ആ.കു.വ തീയതി,തിരുവനന്തപുരം, 27/05/2020

പരാമർശം:- 1. 12/06/1998 ലെ 19305/Rules-1/96/P&ARD നമ്പർ സർക്കുലർ
2. 3/06/1999 ലെ 5328/Rules-1/99/P&ARD നമ്പർ സർക്കുലർ
3. 27/11/2018 തീയതിയിലെ സ.ഉ.(സാധാ) 3507/2018/ആകുവ നമ്പർ ഉത്തരവ്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07/01/2020, 21.3.2020 എന്നീ തീയതികളിലെ ഇജി 2 /84193 /2011 /DHS നമ്പർ കത്തുകൾ

ഉത്തരവ്

1. ആരോഗ്യ വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) യുടെ ഒരു തസ്തിക മാത്രമാണ് നിലവിലുള്ളത് എന്നും ശ്രീ. ദിലീപൻ കെ.എസ്. വിരമിച്ചത് കാരണം 28/02/2019 മുതൽ ടി തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ് എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീ. അബ്ദുൾ ഹമീദ് എം. സീനിയർ മോസ്റ്റ് അസി.ലെപ്രസി ഓഫീസറാണ് എന്നും ടിയാൻ 31/05/2020 ന് വിരമിക്കുമെന്നും ടിയാനെതിരെ അച്ചടക്കനടപടികൾ ഒന്നും നിലവിലില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന് വിരമിക്കാൻ ആറ് മാസത്തിൽ കുറവ് സർവീസ് മാത്രമേ ഉള്ളൂവെന്നതിനാൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. നിലവിൽ ടി വിഭാഗത്തിൽ സ്പെഷ്യൽ റൂൾ, എക്സിക്യൂട്ടീവ് ഓർഡർ എന്നിവ നിലവിലില്ലാത്തതും ജീവനക്കാർ ഒഴിവാകുന്നതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം പൂർണ്ണമായും ഇല്ലാതാകുകയും ചെയ്യുന്നതിനാൽ ടി ജീവനക്കാരൻ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -1(ലെപ്രസി) തസ്തികയിൽ സർവ്വീസ് റെഗുലറൈസ് ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I (ലെപ്രസി) തസ്തികയിൽ DPC നടത്തി സ്ഥാനക്കയറ്റം നൽകേണ്ട സാഹചര്യം വരുന്നില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ അസിസ്റ്റന്റ് ലെപ്രസി ഓഫീസറായ ശ്രീ. അബ്ദുൾ ഹമീദ് എം. നിലവിൽ ഏറ്റവും സീനിയറും 31/05/2020ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതുമാണ് എന്ന വസ്തുത കണക്കിലെടുത്ത് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നിലവിലെ വിലക്കിൽ ഇളവു വരുത്തി KS&SSRs Part II, Rule 31(a)(i) പ്രകാരം ടിയാനെ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I (ലെപ്രസി) തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AMRITHLAL A R
അണ്ടർ സെക്രട്ടറി

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടർ
ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം
ശ്രീ. അബ്ദുൾ ഹമീദ് എം., അസിസ്റ്റന്റ് ലെപ്രസി ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.ജി2/84193/2011/ആ.വ.ഡ. തിയതി. 27/5/20
ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി അയക്കുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി 27/5/2020

സ്വീകർത്താവ്.
1. വ്യക്തിക്ക്
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ) മലപ്പുറം.
3. [illegible]
4. ഫയൽ.